**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 429** **15-03-2023 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനിത സ്വാശ്രയ സംഘങ്ങളിലൂടെ പാലുല്പാദനവും പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | വനിത സ്വാശ്രയ സംഘങ്ങളായ കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘങ്ങൾക്കും സ്വാശ്രയ സംഘങ്ങൾ (എസ്.എച്ച്.ജി), സംയുക്ത ബാധ്യത ഗ്രൂപ്പുകൾ (ജെ.എൽ. ജി), മറ്റ് രജിസ്റ്റേർഡ് ഗ്രൂപ്പുകൾ എന്നീ ഗ്രൂപ്പുകൾക്ക് ക്ഷീരവികസനവകുപ്പിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്തു ചെയ്യാവുന്നതാണ്. നിലവിൽ ഇത്തരം ഗ്രൂപ്പുകൾ വകുപ്പ് മുഖേനയുള്ള തീറ്റപ്പുൽക്കൃഷിയും വിപണനവും, ക്ഷീരസഹകരണസംഘങ്ങളുമായി ബന്ധപ്പെട്ട് ക്ഷീരോല്പാദകരുടെ കൂട്ടായ്മയായ വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ച് പൊതു-സ്വകാര്യ-വ്യക്തിഗത മേഖലയിലുള്ള തരിശുഭൂമികളിലും, ഉപയോഗശൂന്യമായ സ്ഥലങ്ങളിലും, വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. |
| (ബി) | കൊഴുപ്പ് കുറഞ്ഞ പാൽ, തൈര്, യോഗർട്ട്, ഐസ്ക്രീം, പേട, ബട്ടർ മിൽക്ക്, സംഭാരം എന്നിവയുടെ വിപണനം ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കൊഴുപ്പ് കുറഞ്ഞ പാൽ, തൈര്, യോഗർട്ട്, ഐസ്ക്രീം, പേട, ബട്ടർ മിൽക്ക്, സംഭാരം എന്നീ ഉൽപ്പന്നങ്ങൾ എല്ലാം തന്നെ മിൽമ വിപണിയിലെത്തിക്കുന്നുണ്ട്. 1.5/9.0 കൊഴുപ്പ്/ കൊഴുപ്പിതര ഗുണനിലവാരമുള്ള ഡബിൾ ടോൺഡ് മിൽക്ക്, 3.0/8.5 ഗുണനിലവാരമുള്ള ഹോമോജനൈസ്ഡ് ടോൺഡ് മിൽക്ക് എന്നിവ മിൽമ വിപണിയിലെത്തിച്ചിട്ടുണ്ട്. സ്കിംഡ് മിൽക്ക് തൈര്, ഡബിൾ ടോൺഡ് മിൽക്ക് തൈര് എന്നിവ കേരളത്തിലുടനീളമുള്ള മിൽമ ഏജൻസികൾ വഴി ഉപഭോക്താക്കളിൽ കൃത്യ സമയത്ത് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ മിൽമ ഒരുക്കിയിട്ടുണ്ട്. അതു പോലെ സംസ്ഥാനമൊട്ടാകെ നിലവിലുള്ള ഡിസ്ട്രിബ്യൂട്ടർമാർ വഴി മിൽമ ഉൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങളും ഉപഭോക്താക്കളിലെത്തിക്കാൻ വേണ്ട നടപടികൾ മിൽമ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ